## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2120 | 01.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ പ്രവർത്തനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.പി. ഉണ്ണി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) അങ്കണവാടികളിലെ സേവനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രദേശിക ഇടപെടലുകളിലൂടെ അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും മെച്ചപെടുത്തുക, സമൂഹത്തിന്റെ ഇടപെടലുകളിലൂടെ അങ്കണവാടിയിലൂടെ നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ 33115 അങ്കണവാടികളിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കി.<br>അങ്കണവാടികളിൽ പ്രീ സ്കൂളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി ജൂൺ ഒന്നിനും നവംബർ ഒന്നിനും പ്രവേശനോത്സവം നടത്തപ്പെടുന്നു. ഇവർക്കായി രണ്ടു സെറ്റ് യൂണിഫോം സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>കാസർഗോഡ് ജില്ലയിൽ കന്നഡ ഭാഷ പ്രദേശങ്ങളിലേയ്ക്ക് വകുപ്പിൽ നിന്നും പുറത്തിറക്കിയ വിവിധ പ്രസിദ്ധീകരണങ്ങൾ മൊഴിമാറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>Eartly Child Care and Education (ECCE) കരിക്കുലം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഐ.ആർ.ടി.സി വഴി പരിശീലനം നടത്തി വരുന്നു.<br>ഇടമലക്കുടിയിലെ തദ്ദേശീയരായ അങ്കണവാടി ഹെൽപ്പർമാർക്ക് ഐ.സി.ഡി.എസ് മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്.<br>സംസ്ഥാനത്തെ ഏറ്റവും മികച്ച അങ്കണവാടിയെ കണ്ടെത്തുന്നതിനായി അങ്കണവാടി റിയാലിറ്റി ഷോ നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>വിവിധ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>അങ്കണവാടി പ്രവർത്തനത്തിൽ കാര്യക്ഷമത |

| | |
|---|---|
| | കൊണ്ടു വരുന്നതിന്റെ ഭാഗമായി ശിശു സൗഹൃദ ടോയിലറ്റുകൾ, മെച്ചപ്പെട്ട കുടിവെള്ള സൗകര്യം, കെട്ടിടനവീകരണം തുടങ്ങിയ പ്രവർത്തനം നടത്തി വരുന്നു. |
| (ബി) അംഗൻവാടികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; പ്രസ്തുത സൗകര്യങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി). അംഗൻവാടികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന പഞ്ചതല നിരീക്ഷണ സംവിധാനം നിലവിലുണ്ട്. പ്രസ്തുത സംവിധാനങ്ങൾ പര്യാപ്തമല്ലാത്തതിനാൽ, നിരീക്ഷാ സോഫ്റ്റ് വെയർ, ജിയോടാഗിംഗ്, ജാതക്-ജനനി എന്നീ ബദൽ സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നു. |
| (സി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ; | (സി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന സ്കീമുകളിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്.<br>1. സ്റ്റേറ്റ് പ്ലാൻ ഫണ്ട്<br>2. MGNREGS<br>3. NABARD-RIDF<br>4. മാതൃക അങ്കണവാടി കെട്ടിടം |
| (ഡി) സ്വന്തമായി കെട്ടിടവും സൗകര്യവുമില്ലാത്ത എത്ര അംഗൻവാടികൾ ഒറ്റപ്പാലം മണ്ഡലത്തിലുണ്ട്; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) സ്വന്തമായി കെട്ടിടവും സൗകര്യവുമില്ലാത്ത 81 അംഗൻവാടികൾ ഒറ്റപ്പാലം മണ്ഡലത്തിലുണ്ട്;<br>ആകെ അങ്കണവാടികൾ - 234<br>സ്വന്തമായി കെട്ടിടമില്ലാത്തവ -19<br>വൈദ്യുതി ഇല്ലാത്ത – 24<br>കുടിവെള്ളം ലഭ്യമല്ലാത്ത -38 |

സെക്ഷൻ ഓഫീസർ